# Deepika

## 27 August 2018

## Nelliyampathi; Landslides, Plantation Washed Away



# നെല്ലിയാമ്പതിയിൽ 25 ഏക്കർ കാപ്പിത്തോട്ടം ഒലിച്ചുപോയി

**വിവരം പുറംലോകമറിയുന്നത് 11 ദിവസങ്ങൾക്കു ശേഷം**

**നെല്ലിയാമ്പതി:** കഴിഞ്ഞ 15 നു രാവിലെയുണ്ടായ ശക്തമായ മഴയിലും ഉരുൾപൊട്ടലിലും ബ്രൂക്ക് ലാൻഡ് എസ്റ്റേറ്റിലെ 25 ഏക്കറോളം കാപ്പിത്തോട്ടം അമ്പതടി ആഴത്തിൽ നാലു കിലോമീറ്റർ ദൂരത്തിൽ ഒലിച്ചുപോയി. ഇക്കാര്യം പുറംലോകം അറിയുന്നത് പതിനൊന്നാം ദിവസമാണ്.

ഏഴു മാസം ഗർഭിണിയായ സ്ത്രീയടക്കം പതിനൊന്നു പേരടങ്ങുന്ന കുടുംബം തലനാരിഴയ്ക്കാണ് അപകടത്തിൽനിന്നു രക്ഷപ്പെട്ടത്. ഈ കുടുംബം താമസിച്ചിരുന്ന പാടിയുടെ അടുക്കളഭാഗം പൂർണമായും ഒലിച്ചുപോകുകയായിരുന്നു. ഉടൻതന്നെ എസ്റ്റേറ്റ് അധികൃതർ തൊഴിലാളികളെ സമീപമുള്ള പാടിയിലേക്കു മാറ്റിപ്പാർപ്പിച്ചു. പാടിക്കു സമീപമുണ്ടായിരുന്ന വിറകുപുര, കുളിമുറി എന്നിവ ഒലിച്ചുപോയി.

പിറ്റേദിവസം തന്നെ എസ്റ്റേറ്റ് അധികൃതർ പാടഗിരി പോലീസിൽ പരാതി നല്കിയെങ്കിലും ആരുംതന്നെ 11 ദിവസമായിട്ടും ഇവിടെ സന്ദർശനം നടത്തിയില്ലെന്ന് എസ്റ്റേറ്റ് തൊഴിലാളികൾ പരാതിപ്പെട്ടു. ഇന്നലെ ഇവിടെയെത്തിയ മെഡിക്കൽ സംഘമാണ് ആദ്യം ഇവിടെ എത്തിയ സർക്കാർ ഉദ്യോഗസ്ഥർ.

കൈകാട്ടിയിൽനിന്നും 19 കിലോമീറ്റർ അകലെയാണ് ബ്രൂക്ക് ലാൻഡ് എസ്റ്റേറ്റ്. വിക്ടോറിയയിൽനിന്നും റോഡ് മാർഗം അലക്സാൻഡ്രിയ എസ്റ്റേറ്റിൽ കൂടിയാണ് സാധാരണഗതിയിൽ ബ്രൂക്ക് ലാൻഡിലേക്ക് എത്തുന്നത്. എന്നാൽ, അലക്സാൻഡ്രിയ ഗേറ്റ് മുതൽ ബംഗ്ലാവ് വരെയുള്ള മെറ്റൽറോഡ് കിലോമീറ്ററോളം ഒലിച്ചുപോയിരുന്നു.